**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 720** **26-07-2021 - ൽ മറുപടിയ്ക്ക്**

**മേപ്പാടി - മുണ്ടേരി മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി വയനാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാൻ സാധിക്കുന്ന മേപ്പാടി - മുണ്ടേരി കണക്ടിവിറ്റിക്ക് വനം വകുപ്പിന്റെ അനുമതി വൈകുന്ന സാഹചര്യത്തിൽ ഇത്രയും ഭാഗം എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കണമെന്നഭ്യർത്ഥിച്ച് എം. എൽ.എ. നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | വനമേഖലയിൽ കൂടി കടന്നുപോകുന്ന ഇടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് 06.07.2021-ന് പൊതുമരാമത്ത് വകുപ്പും നാറ്റ്പാക്കും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. തുടർന്ന് വനം വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ടി ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനുള്ള എം.എൽ.എ-യുടെ നിവേദനവും വനം വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മലയോര ഹൈവേക്കായി സംസ്ഥാനത്ത് വനം വകുപ്പ് വിട്ടു നൽകുന്ന ഭൂമിയ്ക്ക് പകരമായി വനം വകുപ്പിന് നൽകേണ്ട ഭൂമി എവിടെയൊക്കെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | മലയോര ഹൈവേക്കായി ആകെ കിഫ്ബി വഴി നീക്കിവെച്ച തുക എത്രയെന്നും ഇതുവരെ സംസ്ഥാനത്ത് ആകെ ടെൻഡർ ചെയ്തത് എത്ര തുകയ്ക്കാണെന്നും വിശദമാക്കാമോ? | (സി) | മലയോര ഹൈവേ പദ്ധതിക്കായി 3500 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി വഴി ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ 1067.44 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ